# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **188/2026** തീയതി : **08/09/2026**

## കേരള സർവകലാശാല

## ബിരുദാനന്തരബിരുദപ്രവേശനം - 2026

## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

## കോളേജുകളിൽ ഹാജരാകേണ്ടതീയതി - സെപ്റ്റംബർ 14

കേരള സർവകലാശാല ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ടസീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ടറാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ' **SPORTS QUOTA RANKLIST'** എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 2026 **സെപ്റ്റംബർ 14(14/09/2026) ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി** എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്. ഒന്നാം ഘട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് അഡ്മിഷൻ ആഗ്രഹിക്കുന്നവർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

**എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേഷെഡ്യൂൾ തന്നെയാണ്കൗൺസിലിങ് നടത്തുന്നത്.** അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട "authorization letter" എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് *(https://admissions.keralauniversity.ac.in/pg2026)* സന്ദർശിക്കുക. **ഹെൽപ്പ്‌ലൈൻ നമ്പർ:** 8281883052 (Whatsapp also)

# പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ എം.എസ്,സി ഇലക്ട്രോണിക്സ് (ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്), എം.ടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ (ഒപ്‌റ്റോഇലക്ട്രോണിക്സ് ആൻഡ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ), എം.എസ്,സി ഇലക്ട്രോണിക്സ് (ഒപ്‌റ്റോഇലക്ട്രോണിക്സ്) (2024-2026 ബാച്ച്) സി.എസ്.എസ് പരീക്ഷാഫലം പ്രസീദ്ധീകരിച്ചു.

കേരള സർവകലാശാല കെമിസ്ട്രി പഠന വകുപ്പിൽ 2026 ജൂൺ മാസത്തിൽ നടത്തിയ എം.എസ്,സി കെമിസ്ട്രി, എം.എസ്,സി കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ ഫങ്ഷണൽ മെറ്റീരിയൽസ്), എം.എസ്,സി കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി) (2024-2026 ബാച്ച്) (സി.എസ്.എസ്) പരീക്ഷാഫലം പ്രസീദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗതാ ഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവ്വകലാശാല 2026 ജൂലൈ മാസത്തിൽ നടത്തിയ എം.എസ് .സി. ആക്ച്ചുറിയൽ സയൻസ് (2024-2026 ബാച്ച്), സി. എസ്. എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേനെ വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവ്വകലാശാല ബയോകെമിസ്ട്രി പഠന വിഭാഗത്തിൽ നടത്തുന്ന എം.എസ് .സി ബയോകെമിസ്ട്രി (സി. എസ്. എസ്) , ജൂൺ 2026 , (2024-2026 ബാച്ച്), പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേനെ വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവകലാശാല 2026 ജനുവരിയിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ എം.എസ്,സി സുവോളജി (ന്യൂ ജെൻ) പരീക്ഷയുടെ (റെഗുലർ, ഇമ്പ്രൂവ്മെന്റ് & സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ 2026 സെപ്റ്റംബർ 15 വരെ www.slcm.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജനുവരി മാസം നടത്തിയ ചെയ്ത ഒന്നും രണ്ടും സെമസ്റ്റർ, 2026 മെയ് മാസം നടത്തിയ ചെയ്ത അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് ((വിദൂരവിദ്യാഭ്യാസം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2026 സെപ്റ്റംബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മെയ് /ജൂൺ മാസങ്ങളായി നടത്തിയ (സെപ്റ്റംബർ 2025 & ഏപ്രിൽ 2026 കംബൈൻഡ് സെഷൻ) പാർട്ട് III ബി.കോം ആന്വൽ സ്കീം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും

പുനർമൂല്യനിർണയത്തിനും ഓൺലൈൻ/ഓഫ്‌ലൈൻ ആയി 2026 സെപ്റ്റംബർ 23വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ/ബി.സി.എ/ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.എസ്.ഡബ്ല്യൂ/ബി.വോക്/ബി.എം.എസ്. മാർച്ച് 2026 കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ ഡി കാർഡ്/ ഹാൾടിക്കറ്റുമായി 2026 സെപ്റ്റംബർ 9 മുതൽ 17 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ EJ-III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ഇൻ്റഗ്രേറ്റഡ് എൽ.എൽ.ബി. ജനുവരി 2026 പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി റീവാല്യൂവേഷൻ വിഭാഗത്തിൽ (EJ X) 2026 സെപ്റ്റംബർ 10 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല 2026 സെപ്റ്റംബർ മാസം പതിനഞ്ചാം തീയതി മുതൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി (സപ്ലിമെൻ്ററി - 2022 & 2023 അഡ്മിഷൻ,മേഴ്സിചാൻസ്-2013, 2014-2016, 2017,2018 & 2020 അഡ്മിഷൻ) പരീക്ഷക്ക് ആർ.ശങ്കർ കോളേജ് ഓഫ് ആർട്സ് & സയൻസ്, ചാത്തന്നൂർ പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി ചാത്തന്നൂർ എം.ഇ.എസ് ആർട്സ് സയൻസ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്

## Research Proposal Presentation and Interface with External Board (IEB)

കേരളസർവകലാശാല 2026 ആഗസ്റ്റ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് പരീക്ഷയുടെ Research Proposal Presentation and Interface with External Board (IEB) എന്നിവ സെപ്റ്റംബർ 9-ാം തീയതി മുതൽ ആരംഭിക്കും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:**ku.release@keralauniversity.ac.in

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**